4
ചൊവ്വ
ഏപ്രിൽ 2023
1198 മീനം 21
പേജ് 14, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

ദേശാഭിമാനി

www.deshabhimani.com
facebook.com/deshabhimani
@DBIDaily
@ dbitvm@gmail.com

ESTD. 1942

ട്രെയിനിലെ തീവയ്പ്

ഞായർ രാത്രി 09.13 ആലപ്പുഴ - കണ്ണൂർ എക്സിക്യുട്ടീവ് എക്സ്പ്രസ് കോഴിക്കോട് സ്റ്റേഷൻ വിട്ടു. എൻജിനിൽനിന്ന് 12-ാം കോച്ചാണ് ഡി-1. മുമ്പിൽ ഡി-2 പുറകിൽ സി-1 (എസി കോച്ച്)

09.24 11 കി. മീ പിന്നിട്ട് എലത്തൂർ സ്റ്റേഷനടുത്തുവച്ച് അക്രമി യാത്രക്കാർക്കുനേരെ പെട്രോൾ ചീറ്റി തീകൊളുത്തുന്നു. ഡി-2 കോച്ചിൽനിന്ന് ഡി-1ൽ എത്തിയായിരുന്നു അക്രമം

തീ തീ ആളുന്നു. സ്റ്റേഷനിൽനിന്ന് അരകിലോമീറ്റർ പിന്നിട്ടപ്പോൾ കുഞ്ഞുമായി സ്ത്രീയും യാത്രികനായ പുരുഷനും പ്രാണരക്ഷാർഥം പുറത്തേക്ക് ചാടുന്നു. (തിങ്കൾ പുലർച്ചെ 1.30ന് മൃതദേഹങ്ങൾ കണ്ടെത്തി)

09.26 യാത്രികർ ചാടിയതിന് 300 മീറ്റർ അകലെ കോരപ്പുഴ പാലം. ചെയിൻ വലിച്ചതിനെ തുടർന്ന് പാലം കടന്നയുടൻ വണ്ടി നിർത്തി. ഡി-1 ഉൾപ്പെടെ കുറച്ച് കോച്ചുകൾ പാലത്തിലായിരുന്നു. പരിക്കേറ്റവരെ മുന്നിലെ കോച്ചുകളിലൂടെ പുറത്തേക്കിറക്കി

പ്രതിയിലേക്ക്

അന്വേഷണത്തിന് പ്രത്യേക സംഘം

രേഖാചിത്രം വരച്ചു

റഹ്മത്ത് സഹ്റ നൗഫിഖ്

സ്വന്തം ലേഖകൻ
കോഴിക്കോട്

ഓടിക്കൊണ്ടിരിക്കെ ആലപ്പുഴ–കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിൽ യാത്രക്കാരെ പെട്രോൾ ഒഴിച്ചു തീവച്ച സംഭവത്തിൽ അന്വേഷണം ഊർജിതം. സംഭവസ്ഥലത്തുനിന്ന് പൊലീസ് കണ്ടെടുത്ത പ്രതിയുടേതെന്ന് സംശയിക്കുന്ന ബാഗിലെ നോട്ട് പുസ്തകത്തിൽ ഷാറൂഖ് സെയ്ഫി, നോയിഡ എന്നുണ്ട്. ഇതു കേന്ദ്രീകരിച്ചാണ് അന്വേഷണം പുരോഗമിക്കുന്നത്. ദൃക്സാക്ഷി മൊഴികളുടെ അടിസ്ഥാനത്തിൽ പ്രതിയുടെ രേഖാചിത്രം തയ്യാറാക്കി. ആക്രമണത്തിനിടെ പ്രതിക്കും പൊള്ളലേറ്റതായി വിവരമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആശുപത്രികൾ കേന്ദ്രീകരിച്ചും പൊലീസ് അന്വേഷണം നടത്തി. നിരവധി പേരെ ചോദ്യം ചെയ്തു. സംഭവം നടന്ന എലത്തൂരിലെ ട്രാക്കിന് എതിർവശം ദേശീയപാതയോട് ചേർന്ന് ഹിന്ദുസ്ഥാൻ പെട്രോളിയം പ്ലാന്റിന് മുൻവശം രക്തക്കറ കണ്ടെത്തി. ഇവിടെയും ഫോറൻസിക് സംഘം പരിശോധന നടത്തി.

ഞായറാഴ്ച രാത്രി 9.24ന് ടെയിൻ എലത്തൂർ റെയിൽവേ സ്റ്റേഷൻ പിന്നിടുമ്പോഴാണ് ഡി–2 ബോഗിയിൽ നിന്നും ഡി–1 ബോഗിയിലെത്തിയ അജ്ഞാതൻ കൈയിൽ കരുതിയ കുപ്പിയിൽനിന്ന് പെട്രോൾ യാത്രക്കാരുടെ ദേഹത്തേക്ക് തളിച്ചശേഷം തീകൊളുത്തിയത്. ഭയന്ന് ടെയിനിൽനിന്ന് പുറത്തുചാടിയ ഒരു കുട്ടിയടക്കം മൂന്നുപേർ മരിച്ചു. ഒമ്പത് യാത്രക്കാർക്ക് പൊള്ളലേറ്റു.

പ്രതിയുടേതെന്ന് സംശയിക്കുന്ന ബാഗാണ് കേസിലെ നിർണായക തെളിവ്. എന്നാൽ, സംഭവശേഷം പ്രതി ഇത്തരം വിവരങ്ങൾ അവശേഷിപ്പിക്കാനുള്ള സാധ്യതയിലും പൊലീസിന് സംശയമുണ്ട്. ബാഗിലുണ്ടായിരുന്ന മൊബൈൽ ഫോൺ പ്രവർത്തനരഹിതമാണ്. ചാർജറും ഈ ഫോണിന്റേതല്ല. നോട്ട് പുസ്തകത്തിലെ കുറിപ്പുകളിൽ വ്യക്തി വിവരങ്ങളാണുള്ളത്. ആശാരിപ്പണിക്കാരനാണെന്ന സൂചനയുമുണ്ട്.

ഇതിനിടെ എലത്തൂർ കാട്ടിലപീടിക ജുമാമസ്ജിദ് പള്ളിയിലെ നിരീക്ഷണ കാമറയിൽനിന്ന് യുവാവ് ദേശീയപാതയിൽ ബൈക്കിൽ കയറി പോകുന്ന ദൃശ്യം ലഭിച്ചു. വിശദാന്വേഷണത്തിൽ ഇത് പ്രതിയുടേതല്ലെന്നും മംഗളൂരുവിലേക്ക് പോകുന്ന വിദ്യാർഥിയുടേതാണെന്നും തെളിഞ്ഞു.

കൊലപാതകശ്രമം, പൊതുമുതൽ തീയിട്ട് നശിപ്പിക്കൽ, ആളുകളെ ഗുരുതരമായി പരിക്കേൽപ്പിക്കൽ, റെയിൽവേ സുരക്ഷാനിയമം തുടങ്ങിയ വകുപ്പുകൾ ചേർത്താണ് റെയിൽവേ പൊലീസ് കേസെടുത്തത്. കേസന്വേഷണത്തിന് മലപ്പുറം ക്രൈംബ്രാഞ്ച് എസ്പി പി വിക്രമന്റെ നേതൃത്വത്തിൽ 18 അംഗ പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്.

ബാക്കിവച്ചത് കോഴിക്കോട് എലത്തൂരിൽ ട്രെയിനിൽ യാത്രക്കാരെ തീകൊളുത്തിയ അക്രമി ട്രാക്കിലുപേക്ഷിച്ച പെട്രോൾ നിറച്ച കുപ്പിയും വസ്ത്രങ്ങളും ഫോട്ടോ: ജഗത് ലാൽ



അക്രമി തീ വച്ച ആലപ്പുഴ - കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിന്റെ ഡി - വൺ കോച്ചിൽ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ പരിശോധന നടത്തുന്ന ഫോറൻസിക് ഉദ്യോഗസ്ഥ ഫോട്ടോ: മിഥുൻ അനില മിത്രൻ

കണ്ണുകൾനിറച്ച് അവർ മടങ്ങി

കോഴിക്കോട്

എലത്തൂർ റെയിൽവേ ട്രാക്കിൽ തീ ആളിപ്പടരുന്നത് കണ്ട് പ്രാണരക്ഷാർഥം ചാടി ജീവൻ നഷ്ടമായ മൂന്നുപേരുടെയും മൃതദേഹങ്ങൾ ഖബറടക്കി. കണ്ണൂർ മട്ടന്നൂർ പാലോട്ട് പള്ളി ബദ്രിയ മൻസിൽ റഹ്മത്ത് (45), സഹോദരിയുടെ മകൾ ചാലിയം കുന്നുമ്മൽ വീട്ടിൽ സഹ്റ ബത്തൂൽ (രണ്ട്), മട്ടന്നൂർ കൊടോളിപുറം പുതിയപുര കൊട്ടാരത്തിൽ വീട്ടിൽ കെ പി നൗഫിഖ് (35) എന്നിവരുടെ മൃതദേഹമാണ് കോഴിക്കോട് മെഡിക്കൽ കോളേജിലെ പോസ്റ്റുമോർട്ടത്തിനുശേഷം ഖബറടക്കിയത്.

റഹ്മത്തിന്റെ മൃതദേഹം പാലോട്ടുപള്ളി ജുമാ മസ്ജിദ് ഖബർസ്ഥാനിലും നൗഫിക്കിന്റേത് എടയന്നൂർ ജുമാ മസ്ജിദ് ഖബർസ്ഥാനിലും രണ്ടര വയസ്സുകാരി സഹറ ബത്തൂലിന്റേത് കോഴിക്കോട് ചാലിയം ജുമാ മസ്ജിദ് ഖബർസ്ഥാനിലുമാണ് ഖബറടക്കിയത്. മൂവർക്കും പൊള്ളലേറ്റിട്ടില്ല. തലക്കായിരുന്നു പരിക്ക്.

റഹ്മത്തിന്റെയും നൗഫിഖിന്റെയും മൃതദേഹം ട്രാക്കിനരികിലും സഹ്റയുടേത് ട്രാക്കിനുള്ളിലുമായിരുന്നു.

കോഴിക്കോട് കടലുണ്ടിപഞ്ചായത്ത് ഓഫീസിനുസമീപം കുന്നുമ്മൽ ഷുഹൈബ് സഖാഫിയുടെ മകളാണ് സഹ്റ ബാത്തൂൽ (രണ്ടു വയസ്സ്). ഉമ്മ: ജസീല. സഹോദരി: ആയിശ ഹന്ന. സി എം ഷറഫുദ്ദീനാണ് റഹ്മത്തിന്റെ ഭർത്താവ്. മകൻ: റംഷാദ് (ബംഗളൂരു). സഹോദരങ്ങൾ: ഹമീദ്, ഹുസൈൻ, സത്താർ, സഅദ് സഖാഫി, ജുബൈരിയ, ജസീല.

മലപ്പുറം ആക്കോട് യത്തീംഖാനയിൽ നോമ്പുതുറയിൽ പങ്കെടുത്ത് മടങ്ങുകയായിരുന്നു കെ പി നൗഫിഖ്. കൊടോളിപ്രം വരുവാക്കുണ്ട് മുത്തപ്പൻ ക്ഷേത്രത്തിന് സമീപത്ത് പരേതരായ അബൂബക്കറിന്റെയും പാത്തുമ്മയുടെ മകനാണ്. ഭാര്യ: ബുഷറ. മക്കൾ: ഹുദ, ഫിദ (ഇരുവരും കുന്നോത്തുപറമ്പ് യുപി സ്കൂൾ വിദ്യാർഥികൾ), മുഹമ്മദ് ഇസ്മയിൽ. സഹോദരങ്ങൾ: സക്കീന, നാസർ, ഷഫീക്ക്, സെനീറ, സലീം, നൗഷാദ്, നൗഹൽ, പരേതയായ സുഹറ.

പ്രത്യേക പേജുകൾ 12,13

ഹെഡ്മാഷ്

കോൺഗ്രസ് പ്രതിഷേധ പരിപാടികളിലെ നേതാക്കന്മാരെ താങ്ങാനാകാതെ ബദി തകർന്നിരിപ്പാണു

ഇപ്പോ അകറ്റി നിർത്തിയതിന്റെ ഗുട്ടൻസ് മനസ്സിലായില്ലേ

രാഹുൽ ഗാന്ധിക്ക് ജാമ്യം; വിധിക്ക് സ്റ്റേയില്ല

- 2 വർഷം തടവിന് ശിക്ഷിച്ചത് അപ്പീൽ പരിഗണിച്ച സൂറത്ത് സെഷൻസ് കോടതി മരവിപ്പിച്ചു
- രാഹുൽ കോടതിയിൽ നേരിട്ടെത്തി

സ്വന്തം ലേഖകൻ
ന്യൂഡൽഹി

അപകീർത്തിക്കേസിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്ക് സൂറത്ത് സെഷൻസ് കോടതി ജാമ്യം അനുവദിച്ചു. രണ്ടുവർഷം തടവിന് ശിക്ഷിച്ച സൂറത്ത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ ഉത്തരവിനെതിരായ അപ്പീലിൽ സെഷൻസ് കോടതി അന്തിമവിധി പുറപ്പെടുവിക്കുംവരെയാണ് ജാമ്യം. ശിക്ഷ അതുവരെ മരവിപ്പിച്ചു. 13ന് ഹർജി വീണ്ടും പരിഗണിക്കും. എന്നാൽ രാഹുൽ കുറ്റക്കാരനാണെന്ന ഉത്തരവ് സ്റ്റേ ചെയ്യണമെന്ന ആവശ്യം അംഗീകരിച്ചില്ല.

ഈ മാസം പത്തിനുള്ളിൽ നിലപാട് അറിയിക്കാൻ അപകീർത്തികേസ് നൽകിയ ബിജെപി എംഎൽഎ പൂർണേഷ് മോദിക്ക് കോടതി നോട്ടീസ് അയച്ചു. 'എല്ലാ കള്ളന്മാർക്കും മോദിയെന്ന പേര് വരുന്നത് എന്തുകൊണ്ട്?'– എന്ന പരാമർശം മോദി നാമമുള്ളവരെയാകെ അവഹേളിച്ചെന്നപരാതിയിലാണ് രാഹുലിന് രണ്ടുവർഷം തടവ് ശിക്ഷിച്ചത്. അപ്പീൽ നൽകാൻ 30 ദിവസം അനുവദിച്ചിരുന്നു. കോടതി വിധിക്കു പിന്നാലെ രാഹുലിനെ എംപി സ്ഥാനത്തുനിന്ന് കേന്ദ്രസർക്കാർ അയോഗ്യനാക്കി.

തിങ്കളാഴ്ച രാഹുൽ കോടതിയിൽ നേരിട്ടെത്തി. പ്രിയങ്ക ഗാന്ധിയും ഒപ്പമുണ്ടായി. അപകീർത്തിക്കേസിൽ നേരിട്ട് ഹാജരാകണമെന്ന് പട്ന കോടതി നിർദേശം ചെവിക്കൊള്ളാൻ തയ്യാറാകാതിരുന്ന രാഹുൽ സൂറത്ത് കോടതിയിൽ വിളിക്കാതെ പോയത് എന്തിനാണെന്ന് കേന്ദ്ര നിയമമന്ത്രി കിരൺ റിജിജു പരിഹസിച്ചു.

ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന് വിട

കൊച്ചി

അന്തരിച്ച ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന് (64) കേരളം വിട നൽകി. തിങ്കൾ പുലർച്ചെ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. അർബുദ ബാധിതനായി ചികിത്സയിലായിരുന്നു. രാവിലെ ഏഴോടെ എളമക്കര ബിടിഎസ് റോഡിലെ വീട്ടിലെത്തിച്ച മൃതദേഹത്തിൽ സമൂഹത്തിലെ വിവിധ രംഗങ്ങളിലുള്ളവർ ആദരാഞ്ജലി അർപ്പിച്ചു. വൈകിട്ട് അഞ്ചിന് പച്ചാളം ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു.

2004ൽ കേരള ഹൈക്കോടതി ജഡ്ജിയായി. കേരള ഹൈക്കോടതി ആക്ടിങ് ചീഫ് ജസ്റ്റിസും ഛത്തീസ്ഗഡ്, ആന്ധ്രപ്രദേശ്, തെലങ്കാന, കൊൽക്കത്ത ഹൈക്കോടതികളിൽ ചീഫ് ജസ്റ്റിസുമായിരുന്നു. 2021 ഏപ്രിലിൽ വിരമിച്ചു.

അഭിഭാഷക ദമ്പതിമാരായ കൊല്ലം തേവള്ളിൽ മരാമത്തുവീട്ടിൽ എൻ ഭാസ്കരൻ നായരുടെയും എൻ പാറുക്കുട്ടി അമ്മയുടെയും മകനായി 1959 ഏപ്രിൽ 29നാണ് ജനനം. ഭാര്യ: മീര സെൻ. മക്കൾ: പാർവതി നായർ, കേശവരാജ് നായർ. മരുമകൾ: ഗാഥ സുരേഷ്.

അനീതിയോട് സന്ധി ചെയ്യാത്ത മനുഷ്യസ്നേഹി 14

മധു വധക്കേസിൽ വിധി ഇന്ന്

മണ്ണാർക്കാട്

അട്ടപ്പാടിയിൽ ആൾക്കൂട്ട ആക്രമണത്തിൽ ആദിവാസി യുവാവ് മധു കൊല്ലപ്പെട്ട കേസിൽ ചൊവ്വാഴ്ച മണ്ണാർക്കാട് പട്ടികജാതി വർഗ പ്രത്യേക കോടതി വിധി പറയും. പ്രത്യേക കോടതി ജഡ്ജി കെ എം രതീഷ്കുമാറാണ് കേസ് പരിഗണിക്കുന്നത്. 16 പ്രതികളുണ്ട്.

2018 ഫെബ്രുവരി 22നായിരുന്നു നാടിനെ നടുക്കിയ കൊലപാതകം. അഗളി പൊലീസ് കേസ് അന്വേഷിച്ച് മെയ് 31ന് കോടതിയിൽ കുറ്റപത്രം നൽകി. 2022 മാർച്ച് 17ന് പ്രതികളെ കുറ്റപത്രം വായിച്ചുകേൾപ്പിച്ചു. ഏപ്രിൽ 28ന് വിചാരണ തുടങ്ങി. കേസ് വിധിപറയാൻ രണ്ടുതവണ പരിഗണിച്ചു. മാർച്ച് 18നും 30നും കേസ് പരിഗണിച്ചെങ്കിലും നാലായിരത്തിലേറെ പേജുള്ള വിധിപകർപ്പ് പകർത്തൽ പൂർത്തിയാകാത്തതിനാലാണ് മാറ്റിവച്ചത്. മധുവിന്റെ കുടുംബത്തിന് വിക്ടിംസ് പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പൊലീസ് സംരക്ഷണം ഏർപ്പെടുത്തി. സംരക്ഷണമാവശ്യപ്പെട്ട് കുടുംബം ജില്ലാ പൊലീസ് മേധാവിക്ക് കഴിഞ്ഞദിവസം പരാതി നൽകിയിരുന്നു.

ഡൽഹിയിൽ തൊഴിലാളി- കർഷക പ്രക്ഷോഭം നാളെ

ന്യൂഡൽഹി

കേന്ദ്രസർക്കാരിന്റെ തൊഴിലാളി– കർഷക വിരുദ്ധ നയങ്ങൾക്കെതിരെ മസ്ദൂർ കിസാൻ സംഘർഷ് റാലി അഞ്ചിന് ഡൽഹി രാംലീല മൈതാനത്ത് നടക്കും.

സിഐടിയു, അഖിലേന്ത്യ കിസാൻസഭ, കർഷക തൊഴിലാളി യൂണിയൻ എന്നിവ ചേർന്നാണ് സംഘടിപ്പിക്കുന്നത്. പകൽ ഒമ്പതിന് കലാപരിപാടികൾ ആരംഭിക്കും. 11ന് പൊതുസമ്മേളനം. 3.30 വരെ സമ്മേളനം തുടരും.

കേന്ദ്രീകൃത പ്രകടനമില്ല. തൊഴിലാളികളും കർഷകരും വിവിധ കേന്ദ്രങ്ങളിൽനിന്ന് ചെറുപ്രകടനങ്ങളായി രാംലീല മൈതാനത്തേക്ക് എത്തും.

epaper.deshabhimani.com